# അർധവാർഷിക പരീക്ഷ 2011-12

## മലയാളം-അടിസ്ഥാനപാഠാവലി

സമയം: ഒന്നര മണിക്കൂർ

10-ാം തരം സ്കോർ: 40

---

**നിർദ്ദേശങ്ങൾ:**

* 15 മിനുട്ട് കൂൾഓഫ് ടൈം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കുക.
* എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
* ചോദ്യങ്ങളുടെ സ്കോർ പരിഗണിച്ച് സമയം ക്രമീകരിക്കണം.

---

1. "ഹൃദയമൊരുദ്യാനം. അവിടെ സ്നേഹത്തിന്റെ അല്ലെങ്കിൽ വെറുപ്പിന്റെ വിത്തിടാം. സ്നേഹത്തിന്റെ വിത്താണവിടെ വീണു പൂക്കുന്നതെങ്കിൽ അവിടെ ദയയുടെയും ശാന്തിയുടെയും പരിമളം പരക്കുന്നു".

   "ഇത്തിരി സ്നേഹമാണല്ലോ
   മനുഷ്യന്നു മഹാധനം"

   - തന്നിരിക്കുന്ന രചനാഭാഗങ്ങളെ താരതമ്യം ചെയ്തു സ്നേഹമാഹാത്മ്യത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

2. ഉപഭോഗ സംസ്കാരത്തിന് അടിമപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനിക മനുഷ്യന്റെ പ്രതീകമാണ് എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ എന്ന കഥയിലെ രമണി. കഥ വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയാറാക്കുക. *(സ്കോർ 4)*

3. " പെട്ടെന്നു വന്നൂ പെരുമഴ, ഉമ്മയോ
   ചിക്കെന്നകത്തു തിരഞ്ഞു ചെന്നു
   വില്ലൊടിഞ്ഞെന്നു ചിണുങ്ങിടാറുള്ളൊരാ
   പുള്ളിക്കുട ചെന്നെടുത്തു പാഞ്ഞു
   പള്ളിപ്പറമ്പിൽ പുതുതായ് കുമിച്ചിട്ട
   മണ്ണട്ടിമേലെ നിവർത്തിവച്ചു". - തോരാമഴ

   "ഉണ്ണിക്കൈയ്ക്കെടുക്കുവാനുണ്ണിവായ്ക്കുണ്ണാൻ വേണ്ടി,
   വന്നതാണീ മാമ്പഴം വാസ്തവമറിയാതെ" - മാമ്പഴം

   - ഈ അമ്മമാർ മാതൃമനസ്സിന്റെ ചില പ്രത്യേക ഭാവങ്ങൾ പ്രതിഫലിപ്പിക്കുന്നില്ലേ? കാവ്യഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക. *(സ്കോർ 6)*

4. കണ്ണുള്ളവർക്കൊക്കെ
   കണ്ണീരുണ്ടാകും
   പക്ഷേ, കണ്ണുള്ളവരെല്ലാം
   കണ്ണീര് കാണാറില്ല.
   അതു കാണാൻ കണ്ണല്ല
   ഹൃദയമാണ് വേണ്ടത്. - പി.കെ. പാറക്കടവ്

   - ഈ മിനിക്കഥയിലെ ആശയം 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥയിലെ പ്രമേയവുമായി പൊരുത്തപ്പെടുന്നുണ്ടോ? നിങ്ങളുടെ നിരീക്ഷണം ഒരു കുറിപ്പായി എഴുതുക. *(സ്കോർ-6)*

5. തപോനിഷ്ഠമായ ജീവിതവും പരുക്കൻ പെരുമാറ്റവും കൈമുതലായ പിതാവിൽ നിന്ന് ഇടിത്തീപോലുള്ള ഷോക്കുകൾ പൊട്ടിപ്പുറപ്പെടുന്നതും പ്രതീക്ഷിച്ച് ഉമിത്തീയിലെന്നപോലെ നീറി നിൽക്കുമ്പോഴാണ് പുതുജീവൻ നൽകുന്ന അമൃതവർഷമായി, അച്ഛന്റെ ഗീതാവാക്യം കേൾക്കുന്നത്.

– അടിവരയിട്ട പ്രയോഗങ്ങൾ സന്ദർഭത്തിനു നൽകുന്ന അർഥസാധ്യതകൾ കണ്ടെത്തി എഴുതുക. *(സ്കോർ 4)*

---

6. നാവേറും കണ്ണേറുമേൽക്കാതെയീമല-
നാടിനെപ്പോറ്റുന്ന ഗാനം
നാഗഫണം വിതർത്താടിയ പുള്ളുവ-
വീണയിന്നെന്തേ മയങ്ങീ.

– നഷ്ടപ്പെടുന്ന നാടോടി സംസ്കൃതിയെക്കുറിച്ച് കവിക്കുള്ള ദുഃഖം 'കൊച്ചുദുഃഖങ്ങളുറങ്ങൂ' എന്ന കവിതയിൽ പ്രകടമാണോ? കവിത പരിശോധിച്ചു വിശദമാക്കുക. *(സ്കോർ 6)*

7. "പട്ടുസാരികളുടെ പളപളപ്പ്, അതെടുത്ത് ഒരു ചീനവലയെറിയുന്നപോലെ നമ്മുടെ മുന്നിലേക്കിടുന്ന സുന്ദരികളായ ചെറുപ്പക്കാരികളുടെ പ്രസരിപ്പ്".

– ചീനവലയെറിയുന്നപോലെ എന്ന പ്രയോഗത്തിന്റെ ഭംഗി ഒന്നോ, രണ്ടോ വാക്യത്തിൽ കുറിക്കുക. *(സ്കോർ 2)*

8.

"വ്യക്തിദുഃഖങ്ങളേക്കാൾ, കവി പ്രധാനമായി കരുതുന്നത് സമൂഹത്തിന്റെ ദുഃഖമാണ്".

– കൊച്ചുദുഃഖങ്ങളുറങ്ങൂ എന്ന കവിതയെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയെ വിലയിരുത്തുക. *(സ്കോർ 4)*

9.

'മാതൃദുഃഖത്തിന്റെ അഗാധത ലളിതമായും ഹൃദയദ്രവീകരണ ശക്തിയോടെയും ആവിഷ്കരിച്ചിരിക്കുന്ന കവിതയാണ് തോരാമഴ'.

– ഈ അഭിപ്രായത്തെ വിലയിരുത്തി കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

---